പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2937

22/6/2012 -ൽ മറുപടിയ്ക്ക്

നഗരസഭകളുടെ ഗ്രേഡ് ഉയർത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. കൃഷ്ണൻ. | ശ്രീ. മഞ്ഞളാംകുഴി അലി, ( ബഹു. മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) നഗരസഭകളുടെ ഗ്രേഡ് ഉയർത്തുന്നതിനായി ഏതെല്ലാം നഗരസഭകളിൽനിന്ന് അപേക്ഷ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) പയ്യന്നൂർ, കളമശ്ശേരി, പൊന്നാനി, കോട്ടക്കൽ എന്നീ നഗരസഭകളിൽ നിന്ന് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) പയ്യന്നൂർ നഗരസഭയുടെ ഗ്രേഡ് ഉയർത്തുന്നതിനുവേണ്ടി ലഭിച്ച അപേക്ഷയിൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (സി) നഗരസഭകളുടെ ഗ്രേഡ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ? | (സി) 6.4.1993 -ലെ ജി.ഒ (എം.എസ്) 78/93/LAD നമ്പർ ഉത്തരവ് പ്രകാരം നിശ്ചയിച്ച മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:<br>I-ാം ഗ്രേഡ് - 70 ലക്ഷം രൂപയും അതിൽ അധികവും തനതു വാർഷിക വരുമാനമുള്ള മുനിസിപ്പാലിറ്റികൾ.<br>II -ാം ഗ്രേഡ് - 70 ലക്ഷത്തിനും 40 ലക്ഷത്തിനും ഇടയിൽ തനതു വാർഷിക വരുമാനമുള്ള മുനിസിപ്പാലിറ്റികൾ.<br>III -ാം ഗ്രേഡ് - മേൽപറഞ്ഞ വരുമാന പരിധിക്ക് താഴെ തനതു വാർഷിക വരുമാനമുള്ള മുനിസിപ്പാലിറ്റികൾ |

സെക്ഷൻ ഓഫീസർ